സംസ്കരണത്തിന് ശുചിത്വ മിഷൻ മുഖേന കേന്ദ്രാവിഷ്കൃത പദ്ധതിയായ മൻ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയിൽ നിന്നും ലഭ്യമായ തുകയും വിനിയോഗിച്ചു വരുന്നു. കൂടാതെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ഖര-ദ്രവ മാലിന്യ മാനേജ്മെന്റ് ഘടകത്തിൽ നിന്നും സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഖരദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ (ഗാർഹികവും, കമ്മ്യൂണിറ്റിതല പ്രോജക്ടുകളും) പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഒരു ഗ്രാമപഞ്ചായത്തിന് പരമാവധി 20 ലക്ഷം രൂപ സഹായമായി ലഭിക്കുന്ന തരത്തിൽ കേന്ദ്രഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രോജക്ടുകൾക്ക് സഹായം നൽകിവരുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് നഗരസഭകളിൽ സ്ഥാപിക്കുന്ന സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ ഭാഗമായി സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനം കൂടി ഉൾപ്പെടുത്തുന്നതിനും ബാക്കിയുള്ള ജില്ലകൾക്കുവേണ്ടി ഓരോ സ്റ്റാന്റ് എലോൺ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നാല് നിലകളിൽ കൂടുതലുള്ള റസിഡന്റ്സ് അപ്പാർട്ടുമെന്റുകൾ തുടങ്ങിയ ഇടങ്ങളിൽ ഖരമാലിന്യ സംസ്കരണം നിർബന്ധമാക്കി ബിൽഡിംഗ് റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

ശുചിത്വ ഗ്രാമം പദ്ധതി

229 (3206) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശുചിത്വ ഗ്രാമം പദ്ധതി ആര് മുഖേനയാണ് നടപ്പിലാക്കുന്നത് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഗ്രാമപഞ്ചായത്തുകളിൽ വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. തദ്ദേശഭരണസ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിലുള്ള പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നുണ്ട്. താഴെപ്പറയുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങളോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്:

1. ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കാനുള്ള പരിശീലനം നൽകൽ
2. പദ്ധതികൾക്ക് സാങ്കേതിക അംഗീകാരം നൽകൽ
3. പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ളതും കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലും ഉൾപ്പെടുത്തി ഭാഗിക സാമ്പത്തിക സഹായം നൽകുക.
4. നവീന അറവുശാലകൾ സ്ഥാപിക്കാനും ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനും സാങ്കേതിക സഹായവും സാങ്കേതിക അംഗീകാരവും നൽകുക.
5. സ്രോതസ്സിൽ തന്നെ മാലിന്യത്തിന്റെ അളവു കുറയ്ക്കൽ
6. ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുക
7. പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണി സഞ്ചികളുടെ ഉപയോഗം.
8. സംസ്ഥാന സർക്കാരിന്റെ 6-10-2008-ലെ നം.66753/ഡിസി1/2008/തസ്വഭവ സർക്കുലർ പ്രകാരം ഓരോ ജില്ലയിലും ശുചിത്വ സമിതികൾ വഴിയാണ് ഖരദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുക.
9. സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുക.

(ബി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്:

1. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനം
2. ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ പരിപാലനം
3. അറവുശാല മാലിന്യ സംസ്കരണം

4. ഖരമാലിന്യ സംവിധാനത്തിന്റെ പുനരുദ്ധാരണം
5. UIDSSMT പദ്ധതി നിർവ്വഹണം
6. അറവുശാല നിർമ്മാണം അഥവാ നവീകരണം
7. സ്ഥാപനങ്ങൾക്ക് മാതൃക ദ്രവമാലിന്യ പരിപാലന പദ്ധതി
8. മാതൃകാ ദ്രവമാലിന്യ മാനേജ്മെന്റ് പരിപാടി-കോളനികൾക്ക്
9. വനിത ശൂചിത്വ കോംപ്ലക്സ്, വിശ്രമ ശൂചിത്വ സമുച്ചയം
10. ഗേൾ ഫ്രണ്ട്ലി ടോയ്ലെറ്റ്, ശിശു സൗഹൃദ ടോയ്ലെറ്റ്
11. മാലിന്യ മുക്ത കേരളം പ്രചരണം
12. സോഷ്യൽ റിയാലിറ്റി ഷോ-ഗ്രീൻ കേരള എക്സ്പ്രസ്സ്
13. നിർമ്മൽ ഗ്രാമപുരസ്കാരം ലഭിക്കുന്ന പഞ്ചായത്തുകളെ ആദരിക്കൽ
14. മാലിന്യ മുക്ത കേരള അവാർഡ്
15. പഠന-വിവരണ ശേഖരണ പ്രവർത്തനം
16. ഐ.ഇ.സി./എച്ച്.ആർ.ഡി. പദ്ധതി
17. ഖരമാലിന്യ പരിപാലനം

(സി) ശൂചിത്വഗ്രാമ പദ്ധതി ശൂചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശഭരണ സ്ഥാപനം വഴിയാണ് നടപ്പിലാക്കിവരുന്നത്.

(ഡി) 2000-മാണ്ടിലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ് റൂൾസ്) പ്രകാരം എല്ലാ നഗരസഭകളിലും സംയോജിത ഖരമാലിന്യ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ഭാഗമായി സംസ്ഥാനത്ത് 53 നഗരസഭകളും പദ്ധതി തയ്യാറാക്കുകയും മിഷൻ അതിന് സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മൊത്തം 45.14 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് 16.79 കോടി രൂപ ഭാഗിക സാമ്പത്തിക സഹായം നൽകുകയുണ്ടായി. ഇതിന്റെ ഫലമായി 25 നഗരസഭകളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നു. ഇതുകൂടാതെ ഈ പദ്ധതി കാലയളവിൽ 8 മുനിസിപ്പാലിറ്റികളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും 3 മുനിസിപ്പാലിറ്റികളിൽ ഖരമാലിന്യ സംസ്കരണ ശാലകളിൽ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ പ്രധാന ഘടകങ്ങളുടെ നിർവ്വഹണം ഏതാണ്ട് എല്ലാം തന്നെ പൂർത്തീകരിച്ചിരിക്കുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly